# അക്കാദമിക് മാസ്റ്റർ പ്ലാൻ

# സെന്റ് ജോസഫ്സ് ഹൈസ്കൂൾ

# പൂവ്വത്തുശ്ശേരി



## ആമുഖം

[illegible] ൽ സ്ഥാപിതമായ സെന്റ് ജോസഫ്സ് ഹൈസ്കൂളിൽ ഇപ്പോൾ [illegible] ഡിവിഷനുകളിലായി [illegible] വിദ്യാർത്ഥികൾ 44 ഗുരുനാഥന്മാരുടെ സഹായത്തോടെ അധ്യയനം നടത്തുന്നു. ഗ്രാമാന്തരീക്ഷത്തിലുള്ള ഈ വിദ്യാലയത്തിൽ മിക്കവരും സാധാരണക്കാരായ രക്ഷിതാക്കളുടെ മക്കളാണ് പഠിക്കുന്നത്. രക്ഷാകർത്താക്കളുടെ സഹകരണത്തോടെ അധ്യാപകരും വിദ്യാർത്ഥികളും നിരന്തരം കഠിനാധ്വാനം ചെയ്യുന്നതിന്റെ ഫലമായി പഠന നിലവാരം ഉയർത്താനും, SSLC യ്ക്ക് 100% വിജയം കരസ്ഥമാക്കാനും കഴിഞ്ഞിട്ടുണ്ട്. കലാമേളയിൽ ഉപജില്ലാ തലത്തിലും, ജില്ലാതലത്തിലും വിജയിച്ച് പ്രതിഭകളെ ഉല്ലംഘിച്ചു കൊണ്ട് സംസ്ഥാനതല മത്സരത്തിൽ പങ്കെടുത്ത് Gradeകൾ പല കരഗതമാക്കാൻ സാധിച്ചത്, അധ്യാപകരുടെയും രക്ഷിതാക്കളുടെയും വിദ്യാർത്ഥികളുടെയും അർപ്പണബോധത്തിന്റെ ഫലമാണ്. കായിക രംഗത്തിലും കുട്ടികൾ മികച്ച വിജയം കരസ്ഥമാക്കുന്നു. സ്കൗട്ട്, ഗൈഡ്, റെഡ് ക്രോസ് എന്നീ സംഘടനകളുടെ പ്രവർത്തനം സ്കൂളിന്റെ സുഗമമായ നടത്തിപ്പിനും സാമൂഹിക പ്രതിബദ്ധതയുള്ള വിദ്യാർത്ഥികളുടെ രൂപീകരണത്തിനും സഹായകമാകുന്നു.

## പൊതു ലക്ഷ്യം

ഓരോ ക്ലാസ്സിലും കൈവരിക്കേണ്ട പഠനനേട്ടം അതതു ക്ലാസ്സിൽ കൈവരിക്കുക. സാമൂഹിക പ്രതിബദ്ധതയോടെയുള്ള സമഗ്രവികസനം ലക്ഷ്യം വയ്ക്കുക. എല്ലാ കുട്ടികൾക്കും പഠനത്തിനും വികാസത്തിനും തുല്യ അവസരങ്ങൾ നല്കുക. കുട്ടികളുടെ കഴിവുകൾ കണ്ടെത്തി വളർത്താനും പരിമിതികൾ മറികടക്കാനും അവരെ സഹായിക്കുക. കുട്ടികളിൽ അറിവും ആത്മവിശ്വാസവും പകരുന്നതോടൊപ്പം മൂല്യബോധവും സാമൂഹിക പ്രതിബദ്ധതയും വളർത്തുക.

## പരിമിതികൾ

സ്കൂളിന്റെ സമഗ്ര മുന്നേറ്റത്തിനായുള്ള യാത്രയിൽ നേരിടേണ്ടി വരുന്ന പ്രയാസങ്ങളും പരിമിതികളും ആ യാത്രയെ ബുദ്ധിമുട്ടുള്ളതാക്കുന്നു. വിദ്യാർത്ഥികളുടെ മനസ്സുകൾ ഇന്നത്തെ വർണ്ണത്തിളക്കങ്ങളിൽ അഭിരമിക്കുന്നതും അവരെ ലൈബ്രറിയിലെത്തിക്കാൻ സാധിക്കാത്തതുകൊണ്ടും വിദ്യാർത്ഥികളുടെ കഴിവുകൾ മുഴുവനും കണ്ടെത്തി ഉപയോഗിക്കുന്നതിൽ അധ്യാപകർക്ക് വലിയ ബുദ്ധിമുട്ട് നേരിടുന്നു. കാലാന്തരങ്ങളിൽ സംഭവിച്ചിട്ടുള്ള പഠനസൗകര്യങ്ങൾ കുട്ടികളിലെ അക്ഷരജ്ഞാനത്തെ പരിമിതപ്പെടുത്തി Language lab

പോലെയുള്ള സംവിധാനങ്ങൾ ഉണ്ടായിരുന്നുവെങ്കിൽ അതിനെ കുറെ മെച്ചപ്പെടുത്താമായിരുന്നു. പുസ്തകവായന കാലഘട്ടത്തിന് അനിവാര്യമായാണ്. വിവേകപൂർവ്വം പുസ്തകം ഉപയോഗിക്കണമെങ്കിൽ ഒരു നല്ല ലൈബ്രറിയന്റെ സഹായം കൂടിയേ തീരൂ. ക്ലാസ്സ്റൂമുകൾ ഹൈടെക് ആക്കുക എന്ന് പറയുന്നത് വളരെ പ്രാധാന്യമാണ്, പക്ഷേ Audio visual ന് സാമഗ്രികളുടെ കുറവ് – വിഷയകേന്ദ്രീകൃതമായ സാമഗ്രികളുടെ കുറവ്-ഒരു പരാധീനത തന്നെയാണ്. സാമൂഹിക പ്രതിബദ്ധതയുള്ള വിദ്യാർത്ഥികളെ രൂപപ്പെടുത്തുമ്പോൾ സമൂഹത്തിന്റെ നാനാവിധത്തിലുള്ള ആവശ്യങ്ങളുടെ നടത്തിപ്പിൽ വിദ്യാഭ്യാസമേഖലയിൽ ഒരു ഏകോപനം അനിവാര്യമാണ്. അത് വിദ്യാഭ്യാസ വകുപ്പ് മുൻകൈ എടുത്ത് ചെയ്താൽ കുട്ടികൾക്ക് വളരെ ഉപകാരപ്രദമാം വിധം പഠനം നിർവഹിക്കാൻ സാധിക്കും.ഒരു നല്ല വിദ്യാലയത്തിന്റെ സുഗമമായ നടത്തിപ്പിന് ഭൗതികസാഹചര്യങ്ങളുടെ നിലവാരം സ്വാധീനിക്കും.അതിനാൽ കളിസ്ഥലം, ലാബ്, ക്ലാസ്സ്മുറികൾ എന്നീ ഭൗതിക സാമഗ്രികളുടെ അപര്യാപ്തത ഒരു ചോദ്യചിഹ്നമാണ്.

| ലക്ഷ്യം | LP - അക്കാദമിക പ്രവർത്തനങ്ങൾ | | | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| | ഹ്രസ്വകാലം | മധ്യകാലം | ദീർഘകാലം | | |
| അക്ഷരം ഉറപ്പിക്കൽ | അക്ഷര കളികൾ, പദകാർഡ്, ചിത്രങ്ങൾ, അക്ഷരസൂചകങ്ങൾ | അക്ഷരചാർട്ട് | ചുവർചിത്ര പ്രദർശനം - അക്ഷരങ്ങൾ | ടീച്ചർ | ഇല്ല |
| പദാവലി വികസിപ്പിക്കുന്നു | അഭിനന്ദന കത്തുകൾ, ഡയറിക്കുറിപ്പുകൾ, അനുഭവക്കുറിപ്പ് | കഥാരചന ചുവർ അക്ഷര നിർമാണം പത്രക്കുറിപ്പ് നിർമാണം | മലയാളത്തെഴുത്ത് നിഘണ്ടു നിർമാണം | ടീച്ചർ | ഇല്ല |
| ആശയഗ്രഹണശേഷി | സംഭാഷണം പദസൂര്യൻ | കവിതാരചന കവിതാസ്വാദനം | പഠനയാത്ര - അവലോകനം | ടീച്ചർ | ഇല്ല |
| സംഖ്യാബോധം | സംഖ്യാപാറ്റേൺ ആകർഷകമായ ഗണിത ചുവർ | പസ്സിലുകൾ | ഗണിതകളി ഗണിതമേള | ടീച്ചർ | PTA |
| ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു | ഗണിതപാറ്റേൺ വർക്ക്ഷീറ്റുകൾ | ഗണിത ലൈബ്രറി ഗെയിം | ഗണിതക്വിസ് | ടീച്ചർ | ഇല്ല |
| ഗണിതം മധുരമാക്കുന്നു | കണക്കിലെ കളികൾ കുസൃതിക്കണക്കുകൾ ഗണിത ഫലിതങ്ങൾ | പസ്സിൽസ് ക്വിസ് | സുഡോക്കൊ | ടീച്ചർ | PTA |
| Developing : Listening Speaking Reading | Using pictures, cards, etc. Story telling, Completing Conversations Copy writing | Audio - vedio Clipings Reading simple stories Card making "Hello English" | Role play Speech English club activities | Teacher | ഇല്ല |

| | | | | | |
|---|---|---|---|---|---|
| പരിസ്ഥിതി സൗഹൃദം | ദിനാചരണം, എന്റെ മരം കുറിപ്പ് തയ്യാറാക്കൽ , പ്രകൃതി നിരീക്ഷണം | പൂന്തോട്ട നിർമ്മാണം നിരീക്ഷണക്കുറിപ്പ് | വൃക്ഷത്തൈ നടീലും പരിപാലനവും | ടീച്ചർ | ഇല്ല |
| രോഗ പ്രതിരോധ അവബോധം | 'ഡ്രൈ ഡേ' - ദിനാചരണം ബോധവൽക്കരണ ക്ലാസ്സുകൾ | പ്ലാസ്റ്റിക് വിമുക്ത വിദ്യാലയം | വേർതിരിച്ചുള്ള മാലിന്യ സംസ്കരണം | ടീച്ചർ | PTA |

| ലക്ഷ്യം | UP,HS - അക്കാദമിക പ്രവർത്തനങ്ങൾ - മലയാളം | | | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| | ഹ്രസ്വകാലം | മധ്യകാലം | ദീർഘകാലം | | |
| സാഹിത്യകാരന്മാരെയും സാഹിത്യകൃതികളെയും പരിചയപ്പെടൽ | പുസ്തക പ്രദർശനം സംഘടിപ്പിക്കൽ സാഹിത്യ വാർത്താ പ്രദർശനം | വായനാക്കുറിപ്പ് - അസംബ്ലി, ആകാശവാണി, ബാലസഭ എന്നിവയിൽ അവതരിപ്പിക്കൽ കവിതകേട്ട് ആസ്വദിക്കൽ | ഗ്രന്ഥശാല സന്ദർശനം ക്ലാസ്സ് ലൈബ്രറി വിപുലപ്പെടുത്തൽ, പ്രശസ്ത എഴുത്തുകാരുമായുള്ള അഭിമുഖം | ടീച്ചർ | പൂർവ്വ വിദ്യാർത്ഥികൾ |
| ഭാഷയും സംസ്കാരവും പരിചയപ്പെടൽ | ദിനാചരണങ്ങൾ നടത്തൽ (വായനാവാരാചരണം, സാഹിത്യകാരന്മാരുടെ ഓർമ്മദിനങ്ങൾ,കേരളപ്പിറവി) നാടൻപാട്ട് ശേഖരണം | ഭാഷാനിഘണ്ടു തയ്യാറാക്കൽ വാദ്യോപകരണങ്ങൾ പരിചയപ്പെടൽ നാടൻപാട്ടിന്റെ ശിൽപശാല | ചരിത്ര സാംസ്കാരിക കേന്ദ്രങ്ങളുടെ സന്ദർശനം സ്കൂൾ മാഗസിൻ പ്രകാശനം | ടീച്ചർ | ഇല്ല |

| | | | | | |
|---|---|---|---|---|---|
| മലയാള സാഹിത്യത്തിലെ വിവിധ സാഹിത്യ ശാഖകളെ പരിചയപ്പെടൽ, ആസ്വാദനം | തിരക്കഥ<br>പാഠപുസ്തകത്തിലെ കഥ തിരക്കഥയായി എഴുതുന്നു | പുസ്തകവായന | തിരക്കഥയെ സിനിമയാക്കുന്നു<br>ക്ലാസ്സിക് സിനിമകളുടെ പ്രദർശനം | അദ്ധ്യാപകർ | പ്രാദേശിക ഭരണ സംവിധാനങ്ങൾ |
| നവ മാധ്യമങ്ങളിലൂടെയുള്ള ഭാഷാവികസനം | പത്രവാർത്ത ചർച്ച<br>e-വായന | പത്രവായനാ ക്വിസ്സ്<br>e- നോവൽ പരിചയപ്പെടൽ | ചുവർപത്രിക<br>മലയാള ബ്ലോഗ് രൂപീകരണം | ടീച്ചർ | ഇല്ല |
| ഭാഷ സ്വതന്ത്രമായി ആവിഷ്ക്കരിക്കാനുള്ള ശേഷി | കഥ, കവിത എന്നിവയുടെ രചന | ഉപന്യാസ മത്സരങ്ങൾ<br>വിദ്യാരംഗം - കലാ സാഹിത്യ വേദി പ്രവർത്തനങ്ങൾ | കൈയെഴുത്ത് മാസിക<br>സാഹിത്യരചനാ ശില്പശാല | ടീച്ചർ | ഇല്ല |
| അക്ഷരങ്ങൾ, ചിഹ്നങ്ങൾ, പ്രയോഗങ്ങൾ, ശൈലികൾ മുതലായവ സൂക്ഷ്മതയോടെ ഉപയോഗിക്കൽ | ശ്രാവ്യവായന | കഥ, കവിത, നാടകം എന്നിവയുടെ പൂർത്തീകരണം | | ടീച്ചർ | ഇല്ല |

| ലക്ഷ്യം | UP,HS - അക്കാദമിക പ്രവർത്തനങ്ങൾ - ENGLISH | | | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| | ഹ്രസ്വകാലം | മധ്യകാലം | ദീർഘകാലം | | |
| Developing four skills | prepares: Profiles ,<br>Short stories<br>Reading and writing<br>Poems, Role play | Listening vedio and audio Making coversations | Conduct survey<br>Making questionnaire | Teacher | |

| | | | | | |
|---|---|---|---|---|---|
| Use language effectively | Card making<br>Conducts debates and discussions<br>Writes screen play | Reading english books<br>Making magazine,project | Magazine | teachers | students |
| Creative writing | Comparing pictures<br>Spell games<br>Panel discussions<br>Crossword puzzles | Bool review<br>Posture making<br>Biographies of writers | Script writing<br>Drama theatre<br>public speech | Teacher | No |
| | 'Sarga Vela' activities | class room magazine<br>English assembly<br>English corner | Ch~~lone~~graphy<br>Holyday - programmes | Teacher | Parents |
| Creative thinking and writing | Individual reading<br>Story board making<br>Preparation of greating cards | Writing appreciations of poems and stories<br>Commentary<br>Literary Quiz | Workshop based on grammar<br>School magazine<br>Exhibition | Teacher | PTA |

| ലക്ഷ്യം | UP,HS - അക്കാദമിക പ്രവർത്തനങ്ങൾ - ഹിന്ദി | | | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| | ഹ്രസ്വകാലം | മധ്യകാലം | ദീർഘകാലം | | |
| അക്ഷരങ്ങളും വാക്കുകളും പരിശീലിക്കുന്നു | ICT ഉപയോഗിച്ച് അക്ഷരങ്ങൾ മനസ്സിലാക്കുകയും ബോർഡിൽ എഴുതുന്നു പക്ഷികളുടെയും മൃഗങ്ങളുടെയും പേരുകളടങ്ങിയ ചിത്ര പ്രദർശനം | Name kit തയ്യാറാക്കുന്നു<br>അക്ഷര വൃക്ഷം<br>പദസൂര്യൻ | എഡിറ്റിങ്<br>ഹിന്ദി പുസ്തകങ്ങൾ ലഭ്യമാക്കൽ | ടീച്ചർ | ഇല്ല |

| | | | | | |
|---|---|---|---|---|---|
| ശരിയായ ഉച്ചാരണം പരിശീലിക്കുന്നു | ദൃശ്യ ശ്രാവ്യ നിരീക്ഷണങ്ങൾ<br>വാചക രൂപീകരണം | കഥ പറയൽ<br>കവിതാ പാരായണം<br>ഹിന്ദി പുസ്തക വായന | വിഷയാവതരണം<br>പ്രോജക്ട്<br>ഹിന്ദി ഫിലിം ഫെസ്റ്റ് | ടീച്ചർ | PTA |
| ഹിന്ദി ഭാഷ ഭംഗിയായി കൈകാര്യം ചെയ്യുന്നതിന് | പോസ്റ്റർ തയ്യാറാക്കുന്നു<br>ആസ്വാദനക്കുറിപ്പ് | ഡയറിയെഴുത്ത്<br>അസൈൻമെന്റ് | | | |
| | പഴം ചൊല്ല്<br>കടങ്കഥ<br>പ്ലക്കാർഡ് | കഥകൾ പൂർത്തിയാക്കുന്നു സ്കൂൾ അസംബ്ലി ഹിന്ദി സെമിനാർ | ഹിന്ദി ലേഖകരുമായി അഭിമുഖം ഹിന്ദി ലേഖനമെഴുത്ത് | | |

| ലക്ഷ്യം | UP,HS - സോഷ്യൽ സയൻസ് | | | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| | ഹ്രസ്വകാലം | മധ്യകാലം | ദീർഘകാലം | | |
| സാമൂഹ്യ ശാസ്ത്ര പഠനം മികവിലെത്തുന്നതിന് | ഭൂപടപ്രദർശനം<br>ദിനാചരണങ്ങൾ (സ്വാതന്ത്ര്യ ദിനം, ഗാന്ധി ജയന്തി, റിപ്പബ്ലിക് ദിനം,കർഷകദിനം, etc. | ഭൂപടങ്ങളെ അടിസ്ഥാനമാക്കിയുള്ള ചോദ്യോത്തരപയറ്റുകൾ സംഘടിപ്പിക്കുന്നു | പഞ്ചായത്ത്തല വിഭവ ഭൂപടം തയ്യാറാക്കുന്നു | ടീച്ചർ | ഇല്ല |

| | | | | | |
|---|---|---|---|---|---|
| കൃഷി, വ്യവസായം എന്നിവയിലെ നൂതനസമ്പ്രദായങ്ങൾ മനസ്സിലാക്കുന്നു | സാമൂഹ്യ പരിഷ്കർത്താക്കളുമായുള്ള അഭിമുഖം | സെമിനാർ | ജൈവവൈവിധ്യ ഉദ്യാനം പച്ചക്കറി തോട്ട നിർമ്മാണം | ടീച്ചർ | |
| പ്രകൃതി വിഭവങ്ങളെ അടുത്തറിയൽ | നദികൾ, മരുഭൂമികൾ, വൻകരകൾ, തടാകങ്ങൾ എന്നിവയെ ആസ്പദമാക്കി കളികൾ | ജലസ്രോതസ്സുകളെക്കുറിച്ചുള്ള സർവ്വേ ചരിത്ര മ്യൂസിയ സന്ദർശനം | കലാ-സാംസ്കാരിക, കാർഷിക,വ്യവസായ മേഖലകളിലെ വിശദാംശങ്ങളെ ഉൾപ്പെടുത്തി വാർഷിക പതിപ്പ് | ടീച്ചർ | ഇല്ല |
| ശിലായുഗ കാലഘട്ടങ്ങളിലെ മനുഷ്യജീവിതത്തെ വിശകലനം ചെയ്യുന്നതിന് | ഭൂപട സഹായത്തോടെ ശിലാ കേന്ദ്രങ്ങൾ തിരിച്ചറിയുന്നു<br>ICT സാധ്യതകൾ | വിവിധ കാലഘട്ടങ്ങളിലെ ഉപകരണങ്ങളുടെ ചിത്രശേഖരം-ആൽബം തയ്യാറാക്കുന്നു | സാമൂഹ്യശാസ്ത്ര മേള | ടീച്ചർ | PTA |
| ഭൂമിയുടെ ഉള്ളറ സംബന്ധിച്ച അറിവ് നേടുന്നതിന് | നിരീക്ഷണ പഠനം | ഭൂമിയുടെ ഉള്ളറ -<br>Vedio, animation | | | |
| മണ്ണിന്റെ പ്രത്യേകത മനസ്സിലാക്കുന്നു | Flow ചാർട്ട്<br>ചർച്ച<br>സെമിനാർ<br>Animation - vedio | മണ്ണിനങ്ങളുടെ ശേഖരണവും പ്രദർശനവും<br>Project | പഠനയാത്ര | | |

| | | | | | |
|---|---|---|---|---|---|
| ഭരണഘടന, സ്ഥാപനങ്ങൾ, നിയമവ്യവസ്ഥ എന്നിവ മനസ്സിലാക്കുന്നതിനും ആദരിക്കുന്നതിനും | Govt. ഘടകങ്ങളെ ചിത്രം വരച്ച് വിശകലനം ചെയ്യുന്നു സംവാദം ക്ലാസ്സ് പാർലമെന്റ് | മോഡൽ പാർലമെന്റ് | ജനാധിപത്യ രീതിയിലുള്ള തിരഞ്ഞെടുപ്പ് | ടീച്ചർ | |
| സാമൂഹ്യ പ്രശ്നങ്ങളെ വിശകലനം ചെയ്യുന്നതിനും പരിഹാരമാർഗം കണ്ടെത്തുന്നതിനും | സംവാദം<br>പട്ടികപ്പെടുത്തൽ<br>കൊളാഷ്<br>റാലി | സർവ്വേ റിപ്പോർട്ട്<br>തെരുവുനാടകം<br>Role play | പദയാത്ര<br>മഴവെള്ള സംഭരണി | ടീച്ചർ | PTA |

| ലക്ഷ്യം | UP,HS - സയൻസ് | | | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| | ഹ്രസ്വകാലം | മധ്യകാലം | ദീർഘകാലം | | |
| പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക | ദിനാചരണം<br>ചിത്രരചനാ മത്സരം<br>പ്ലക്കാർഡ്<br>ബോധവത്കരണ ക്ലാസ്സുകൾ | പ്രകൃതി സംരക്ഷണ സെമിനാർ<br>പരിസ്ഥിതിദിന റാലി<br>ചെടിത്തോട്ട നിർമ്മാണം | ഔഷധത്തോട്ട നിർമ്മാണം<br>ജൈവവൈവിധ്യ പാർക്ക് | ടീച്ചർ | PTA |
| ശാസ്ത്രലോകത്തോട് കൗതുകം, ജിജ്ഞാസ, നിരീക്ഷണപാടവം എന്നിവ പരിപോഷിപ്പിക്കൽ | ശാസ്ത്രമേള തയ്യാറാക്കൽ<br>പരീക്ഷണങ്ങൾ<br>ശാസ്ത്ര ക്വിസ്സ് | ശാസ്ത്ര കിറ്റ്<br>ശാസ്ത്ര പുസ്തക ശേഖരണം<br>ശാസ്ത്ര ലാബ് സന്ദർശനങ്ങൾ | സയൻസ് മാഗസിൻ തയ്യാറാക്കൽ | | |

| | | | | | |
|---|---|---|---|---|---|
| പ്രകൃതി പ്രതിഭാസങ്ങളുടെ വിശകലനം | പ്രകൃതി പ്രതിഭാസങ്ങളെ കുറിച്ചുള്ള വീഡിയോ നിരീക്ഷണം | ശാസ്ത്രഡയറി ഉണ്ടാക്കുന്നു<br>സയൻസ് നോട്ടീസ് ബോർഡ് | പഠനയാത്ര ( പ്ലാനറ്റോറിയം, മ്യൂസിയം, etc.) | Teacher | Parents |
| ഊർജ്ജ സംരക്ഷണം - അവബോധം | ബോധവത്കരണ ക്ലാസ്സുകൾ ചാർട്ട് പ്രദർശനം | ഉപന്യാസ, പ്രസംഗ മത്സരങ്ങൾ<br>ഊർജ്ജ സംരക്ഷണ പുസ്തക റിവ്യൂ | തെരുവുനാടകം സെമിനാർ | ടീച്ചർ | PTA |
| ശാസ്ത്രാഭിരുചി വളർത്താൻ | ലാബ് ഉപകരണങ്ങൾ പരിചയപ്പെടുത്തൽ<br>വിവിധ പരീക്ഷണങ്ങൾ<br>ശാസ്ത്ര ക്വിസ്സ്<br>വർക്ക് ഷീറ്റുകൾ<br>ദിനാചരണങ്ങൾ<br>ICT സാധ്യതകൾ | പാഠബന്ധിയായി ശാസ്ത്ര പുസ്തകങ്ങൾ കണ്ടെത്തലും ശേഖരണവും സയൻസ് എക്സിബിഷൻ<br>സയൻസ് നോട്ടീസ് ബോർഡ് | ശാസ്ത്രലാബ് സന്ദർശനം<br>ശില്പശാല<br>സയൻസ് മാഗസിൻ<br>കൊച്ചിൻ യൂണിവേഴ്സിറ്റി - പഠനയാത്ര | ടീച്ചർ | |
| ശാസ്ത്രവും സാമൂഹ്യപ്രശ്നങ്ങളും മനസ്സിലാക്കൽ | ബോധവത്കരണം<br>എൻഡോസൾഫാൻ ബാധിത പ്രദേശങ്ങളുമായി ബന്ധപ്പെട്ട വീഡിയോ ചിത്രങ്ങൾ | സയൻസ് ഡ്രാമ<br>പ്രകൃതി സ്നേഹം - ഊട്ടിയുറപ്പിക്കാൻ സംഘടിപ്പിക്കുന്ന റാലി | തെരുവുനാടകം<br>പഠനയാത്ര | ടീച്ചർ | |

| | | | | | |
|---|---|---|---|---|---|
| ജൈവവൈവിധ്യ പ്രാധാന്യം മനസ്സിലാക്കുന്നതിന് | പുതിയ കൃഷിരീതികളെ പരിചയപ്പെടുത്തുന്നു 'നല്ല കർഷകൻ'-അഭിമുഖം ജൈവവിത്ത് വിതരണം | കുട്ടികർഷകന് അവാർഡ് പച്ചക്കറി തോട്ടനിർമ്മാണം ഫലവൃക്ഷങ്ങൾ നടീലും പരിപാലനവും | ജൈവവൈവിധ്യ പാർക്ക് ശലഭോദ്യാനം | | |
| ശാരീരിക മാനസികാവബോധം വളർത്തുന്നു | ICT സാധ്യതകൾ ഉപയോഗിക്കുന്നു വർക്ക്ഷീറ്റുകൾ | ആയുർവ്വേദ, അലോപ്പതി ഹോമിയോ ഡോക്ടേഴ്സുമായി അഭിമുഖം സെമിനാർ | ജീവിതശൈലി രോഗങ്ങളെക്കുറിച്ചും മഴക്കാല രോഗങ്ങളെക്കുറിച്ചുള്ള ഡോക്യുമെന്ററി | ടീച്ചർ | PTA |
| ആരോഗ്യപരിരക്ഷ ഉറപ്പാക്കുന്നു | ബോധവത്കരണം ഹെൽത്ത് നഴ്സിന്റെ സേവനം | | സർവ്വേ റിപ്പോർട്ട് | | |

| ലക്ഷ്യം | UP,HS - ഗണിതം | | | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| | ഹ്രസ്വകാലം | മധ്യകാലം | ദീർഘകാലം | | |
| സംഖ്യാ ബന്ധങ്ങൾ, സംഖ്യാ പ്രത്യേകതകൾ കണ്ടെത്തുന്നു | അളവുകൾ കാണിക്കുന്ന ചാർട്ടുകൾ<br>സംഖ്യാ പാറ്റേണുകൾ<br>ഗണിതകിറ്റ്<br>അസൈൻമെന്റ്<br>വർക്ക്ഷീറ്റുകൾ<br>ICT സാധ്യതകൾ | കുടുംബ ബഡ്ജറ്റ് രൂപീകരണവും അവതരണവും പ്രോജക്ട് ഗെയിംസ് | ഗണിത ശില്പശാല, റിസോഴ്സ് പേഴ്സൺസിന്റെ ക്ലാസ്സുകൾ ഗണിത ലാബ് സന്ദർശനം | ടീച്ചർ | ഇല്ല |
| ജ്യാമിതീയ രൂപങ്ങളെ പരിചയപ്പെടൽ | ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം<br>ICT സാധ്യതകൾ | ഗണിത എക്സിബിഷൻ ക്ലബ്ബ് പ്രവർത്തനങ്ങൾ | പുതിയ പസിലുകൾ ശേഖരിച്ച് പ്രദർശനം | ടീച്ചർ | ഇല്ല |
| നിത്യജീവിതത്തിലെ പ്രശ്ന പരിഹാര ശേഷി | പ്രകൃതിയിലെ ജ്യാമിതീയ രൂപങ്ങളെ കണ്ടെത്തുന്നു<br>bill തയ്യാറാക്കൽ<br>ചോദ്യനിർമ്മാണം<br>ക്ലാസ്സ് ടെസ്റ്റ്, യൂണിറ്റ് ടെസ്റ്റ്, അസൈൻമെന്റ് | ക്ലാസ്സ്റൂം പരപ്പളവ്, ചുറ്റളവ് എന്നിവ കണ്ടുപിടിക്കുന്നു ബാങ്ക് പ്രവർത്തനങ്ങളുമായി പരിചയപ്പെടൽ | ഗണിത ലൈബ്രറി | | |
| ജ്യാമിതി - സമഗ്ര പഠനം ജ്യാമിതീയ മാതൃകകൾ നിർമിക്കുവാനും താരതമ്യപഠനം നടത്താനും നൈപുണ്യം ആർജിക്കുക | നിശ്ചല മാതൃകകൾ<br>ചാർട്ടുകൾ<br>ത്രികോണ പഠനത്തിന്റെ വളർച്ചയും തുടർച്ചയും വിശകലനം ചെയ്യുന്ന സെമിനാർ<br>ICT സാധ്യതകൾ | ജ്യാമിതീയ പാറ്റേൺ, പ്രോജക്ടുകൾ , ജ്യാമിതീയ നിർമ്മിതികൾ | ഗണിത എക്സിബിഷൻ ഗണിത ലാബ് | ടീച്ചർ | Teacher |

| | | | | | |
|---|---|---|---|---|---|
| ഗണിതത്തിന് - മറ്റു ശാസ്ത്രങ്ങളുമായുള്ള ബന്ധം അറിയുന്നതിന് | ഭൗതികശാസ്ത്രം, രസതന്ത്രം, സാമൂഹ്യശാസ്ത്രം- ഇവയിലെ ഗണിതാശയങ്ങളെ ശേഖരിക്കുന്നു ചാർട്ട് പ്രദർശനം | പ്രകൃതിയിലെ അനുപാതങ്ങൾ - ഇതിനെ അടിസ്ഥാനപ്പെടുത്തി ശില്പശാല | ഗണിതം- ശാസ്ത്രങ്ങളുടെ റാണി - പ്രബന്ധം തയ്യാറാക്കുന്നു | ടീച്ചർ | ഇല്ല |
| യുക്തിയുക്തമായ ചിന്തയും പ്രവൃത്തിയും സംസ്കാരവും വളർത്തുക | ഗണിത കവിത<br>പസ്സിൽസ്<br>സംവാദം<br>ചർച്ചാ കുറിപ്പുകൾ<br>ചോദ്യനിർമ്മാണം | പ്രോജക്ട്<br>പരീക്ഷണങ്ങൾ<br>ഗണിത പതിപ്പ് | ഗണിത ശില്പശാല | ടീച്ചർ | ഇല്ല |
| ഗണിതാശയങ്ങളുടെയും രൂപങ്ങളുടേയും ആസ്വാദനം | ഗണിത കവിത<br>കഥകൾ, നാടകം<br>കാർട്ടൂൺ<br>ഗെയിമുകൾ | ഗണിത ദിനാചരണം<br>ഗണിത ചരിത്രം- ശില്പശാല | ഗണിത ലാബ്<br>-ശേഖരണം<br>-പ്രദർശനം | ടീച്ചർ | ഇല്ല |

| ലക്ഷ്യം | ആരോഗ്യ കായിക വിദ്യാഭ്യാസം | | | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| | ഹ്രസ്വകാലം | മധ്യകാലം | ദീർഘകാലം | | |
| ആരോഗ്യ-കായിക വിദ്യാഭ്യാസം എല്ലാ കുട്ടികളിലേക്കും എത്തിക്കുക | കായികമേള - പരിശീലനം ഭിന്നശേഷിയുള്ള കുട്ടികളുടെ - കായികമേള | യോഗ ക്ലാസ്സ് അന്തർദേശീയ തലത്തിലേക്ക് കുട്ടികളെ ഒരുക്കുക | കളിക്കളങ്ങൾ, ട്രാക്കുകൾ, ഗാലറി എന്നിവയുടെ നവീകരണം | ടീച്ചർ | PTA |

| | | | | | | |
|---|---|---|---|---|---|---|
| ശാസ്ത്രാഭിരുചി വളർത്താൻ | ലാബ് ഉപകരണങ്ങൾ പരിചയപ്പെടുത്തൽ<br>വിവിധ പരീക്ഷണങ്ങൾ<br>ശാസ്ത്ര കിറ്റ്<br>വർക്ക് ഷീറ്റുകൾ<br>ദിനാചരണങ്ങൾ<br>ICT സാധ്യതകൾ | പാഠബന്ധിയായി ശാസ്ത്ര പുസ്തകങ്ങൾ കണ്ടെത്തലും ശേഖരണവും സയൻസ് എക്സിബിഷൻ<br>സയൻസ് നോട്ടീസ് ബോർഡ് | ശാസ്ത്രലാബ് സന്ദർശനം<br>ശില്പശാല<br>സയൻസ് മാഗസിൻ<br>കൊച്ചിൻ യൂണിവേഴ്സിറ്റി - പഠന യാത്ര | ടീച്ചർ | | |
| ശാസ്ത്രവും സാമൂഹ്യ പ്രശ്നങ്ങളും മനസ്സിലാക്കൽ | ബോധവത്കരണം<br>എൻഡോ സൾഫാൻ ബാധിത പ്രദേശങ്ങളുമായി ബന്ധപ്പെട്ട വീഡിയോ ചിത്രങ്ങൾ | സയൻസ് ഗ്രാമ<br>പ്രകൃതി സ്നേഹം - ഊട്ടിയുറപ്പിക്കാൻ സംഘടിപ്പിക്കുന്ന റാലി | തെരുവുനാടകം<br>പഠനയാത്ര | ടീച്ചർ | | |
| ജൈവവൈവിധ്യ പ്രാധാന്യം മനസ്സിലാക്കുന്നതിന് | പുതിയ കൃഷിരീതികളെ പരിചയപ്പെടുത്തുന്നു<br>'നല്ല കർഷകൻ'-അഭിമുഖം<br>ജൈവവിത്ത് വിതരണം | കുട്ടികർഷകന് അവാർഡ്<br>പച്ചക്കറി തോട്ടനിർമ്മാണം<br>ഫലവൃക്ഷങ്ങൾ നടീലും പരിപാലനവും | ജൈവവൈവിധ്യ പാർക്ക് ശലഭോദ്യാനം | | | |

| ലക്ഷ്യം | കലാവിദ്യാഭ്യാസം | | | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| | ഹ്രസ്വകാലം | മധ്യകാലം | ദീർഘകാലം | | |
| സർഗ്ഗ വാസനകളെ കണ്ടെത്തി വളർത്തുക | ക്ലാസ്സ് തല മത്സരങ്ങൾ (ഗാനം, ചിത്ര രചന, അഭിനയം, etc.) പരിശീലനം ICT സാധ്യതകൾ | സബ്ജില്ലാ, ജില്ലാ സംസ്ഥാന തല മത്സരങ്ങളിലേയ്ക്ക് കുട്ടികളെ ഒരുക്കുന്നു | സംഗീത പഠനം- ശാസ്ത്രീയമായി പഠിപ്പിക്കുന്നു | ടീച്ചർ | ഇല്ല |

| വിദ്യാലയ ഭൗതികവികസനം | ചുമതല | സാമ്പത്തികം |
|---|---|---|
| * ജൈവവൈവിധ്യ ഉദ്യാനം<br>* ഗണിതലാബ്<br>* പത്രം, മാസിക എന്നിവയുടെ ലഭ്യത<br>* ലൈബ്രറി - റീഡിംഗ് റൂം, ഫുൾടൈം ലൈബ്രേറിയൻ<br>* പച്ചക്കറി തോട്ടം നിർമ്മാണം<br>* നവീകരിച്ച കളിസ്ഥലവും കളിസാമഗ്രികളും<br>* സ്മാർട്ട് ക്ലാസ്സ് റൂമുകൾ<br>* അടുക്കളയുടെയും ഊട്ടുമുറിയുടെയും നവീകരണം<br>* എല്ലാ കെട്ടിടങ്ങളിലും കുടിവെള്ള ലഭ്യത<br>* മാലിന്യസംസ്കരണ പ്ലാന്റ്<br>* വിശ്രമ പഠനത്തണലുകൾ<br>* നോട്ടീസ് ബോർഡുകൾ | | |

| | | |
|---|---|---|
| * അക്കാദമിക മികവുകളുടെ പ്രവർത്തനത്തിനാവശ്യമായ സൗകര്യങ്ങൾ<br>* ഔഷധോദ്യാനം<br>* ആധുനിക സൗകര്യങ്ങളുള്ള സ്റ്റോർമുറി<br>* കലാപരിശീലനത്തിന് പ്രത്യേക ഇടങ്ങൾ<br>* കുട്ടികൾക്കുള്ള വിശ്രമമുറി<br>* ഭാഷാ ലാബുകൾ<br>* സർഗ്ഗ ചുവർ<br>* പ്ലാസ്റ്റിക് രഹിത വിദ്യാലയം<br>* ഫസ്റ്റ് എയ്ഡ് റൂം<br>* ബയോഗ്യാസ് പ്ലാന്റ് | അധ്യാപകർ<br>PTA | PTA<br>സഹകരണ സ്ഥാപനങ്ങൾ<br>Management |

| സാമൂഹിക വികസനം | ചുമതല | സാമ്പത്തികം |
|---|---|---|
| * PTA ശക്തിപ്പെടുത്തൽ<br>* പൂർവ്വവിദ്യാർത്ഥികളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള സ്കൂൾ സപ്പോർട്ടിംഗ് ഗ്രൂപ്പ്<br>* വിദ്യാലയവിഭവങ്ങൾ സമൂഹത്തിന്കൂടി പ്രയോജനപ്പെടുത്തൽ | PTA | PTA |

| വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം -മേഖല: ഐടി | | | | |
|---|---|---|---|---|
| പ്രശ്നങ്ങൾ | പരിഹാരപ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ഏജൻസി |
| ആവശ്യമായ കമ്പ്യൂട്ടറുകളുടെ കുറവ് | • ആവശ്യമായ കമ്പ്യൂട്ടറുകളുടെ ശേഖരണത്തിന് പിടിഎ, പൂർവ്വ വിദ്യാർത്ഥികളെ സമീപിക്കുന്നു. | 2025-26 | 750000 | പൂർവ്വവിദ്യാർത്ഥികൾ, ലോക്കൽ ഗവ. |
| കുട്ടികളിലെ വായനയെ പ്രോത്സാഹിപ്പിക്കുക. | പരമാവധി books collect ചെയ്തു E Library | 2025 | | PTA , Teachers |
| സ്കൂളിലെ അക്കാദമിക വിവരങ്ങൾ രക്ഷിതാക്കളിലും നാട്ടുകാരിലും എത്തിക്കാനുള്ള കാലതാമസം | • ഓരോ ക്ലാസിലും വാട്സ്ആപ് ഗ്രൂപ്പുകൾ ആരംഭിക്കുക<br>You tube channel ആരംഭിക്കുക | 2025 | | അധ്യാപകർ |